# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4908

23.03.2018-ലെ മറുപടിയ്ക്ക്

## കോട്ടക്കൽ മണ്ഡലത്തിലെ ചികിത്സാസഹായ അപേക്ഷകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) | കോട്ടക്കൽ മണ്ഡലത്തിൽ നിന്നും പട്ടികജാതി വകുപ്പ് ഡയറക്ടറേറ്റിൽ ചികിത്സ സഹായത്തിനായി ലഭിച്ച അപേക്ഷകളുടെ വിശദമായ വിവരം ഫയൽ നമ്പർ സഹിതം ലഭ്യമാക്കുമോ; | എ) | കോട്ടയ്ക്കൽ നിയമസഭാ മണ്ഡലത്തിൽ നിന്നും 2016-17 വർഷം 10 അപേക്ഷകളും 2017-18 വർഷം 20 അപേക്ഷകളും ഈ ഓഫീസിൽ മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 04.04.2017, 12.06.2017 എന്നീ തീയതികളിലെ എം10-17440/16 നമ്പർ കത്ത് പ്രകാരം ലഭ്യമായിട്ടുണ്ട്. കൂടാതെ ഓൺലൈൻ ആയി 54 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. |
| ബി) | പ്രസ്തുത അപേക്ഷകളിന്മേൽ മറുപടി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകുമോ ; വ്യക്തമാക്കുമോ ? | ബി) | ഓൺലൈനായും അല്ലാതെയും ലഭിച്ചിട്ടുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ